**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1417** **08-12-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായുള്ള ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | **ഈ പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ 64.13 കോടിരൂപക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ SPV ആയ M/s വാപ്കോസ് ലിമിറ്റഡ് Designed Build Operator (DBO) മോഡലിൽ നടപ്പിലാക്കുന്നതിന് ടെൻഡർ ക്ഷണിക്കുകയും ടെൻഡർ സമർപ്പിച്ച യോഗ്യരായ അപേക്ഷകരിൽ നിന്ന് ഏറ്റവും കുറവ് തുകയായ 96 കോടി രൂപ ക്വാട്ട് ചെയ്ത ശ്രീ അവന്തിക കോൺട്രാക്ടേഴ്സ് പ്രൈ. ലിമിറ്റഡിനെ ടെൻഡർ അംഗീകരിച്ച് സർക്കാർ ഉത്തരവ് നൽകുകയും ചെയ്തു. കിഫ്ബി ടി പദ്ധതിയ്ക്കായി 117.50 കോടിരൂപയുടെ പുതുക്കിയ അനുമതി 30.08.2022 ൽ നൽകുകയുണ്ടായി. ടി പദ്ധതിയുടെ SPV ആയ M/s വാപ്കോസ് ലിമിറ്റഡ് ഉം തെരെഞ്ഞെടുത്ത കരാറുകാരനായ ശ്രീ. അവന്തിക കോൺട്രാക്ടേഴ്സും തമ്മിൽ എഗ്രിമെന്റിൽ ഏർപ്പെടേണ്ടതുണ്ട്. അതോടൊപ്പം ഓപ്പറേഷൻ & മെയിന്റനൻസ് സംബന്ധിച്ച് ടൂറിസം വകുപ്പും ശ്രീ. അവന്തികാ കോൺട്രാക്ടേഴ്സുമായി ഒരു കരാറിൽ ഏർപ്പെടേണ്ടതുണ്ട്. ആയതിന്റെ നടപടി പുരോഗമിച്ചു വരുന്നു.** |
| (ബി) | പാർവ്വതി പുത്തനാർ ഉൾപ്പെടുന്ന ദേശീയ ജലപാത ഉപയോഗപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതികൾ വിശദമാക്കാമോ; | (ബി) | **ഇതു സംബന്ധിച്ച് ടൂറിസം വകുപ്പ് പദ്ധതികളൊന്നും ആരംഭിച്ചിട്ടില്ല** |
| (സി) | ഉത്തരവാദിത്ത ടൂറിസം മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ വിശദമാക്കുമോ; | (സി) | **ഉത്തരവാദിത്ത ടൂറിസം മിഷന്റെ ആഭിമുഖ്യത്തിൽ സ്ത്രീകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാരത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക 'സ്ത്രീ സൗഹാർദ്ദ ടൂറിസം' എന്ന പുതിയ പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിച്ച് പരിശീലനങ്ങൾ നടന്നു വരുന്നു. ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം,** |

| | | | |
|---|---|---|---|
| | | | **റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം , ഫാം / അഗ്രി ടൂറിസം, പൈതൃക ടൂറിസം, ഫുഡ് ടൂറിസം, ആക്സസിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർക്കും, വിവിധ രംഗകലകൾ, ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള പ്രവർത്തനങ്ങളും അതിനാവശ്യമായ എല്ലാവിധ പരിശീലനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തി വരുന്നു. കായൽ, ബീച്ച്, ഹിൽ, വില്ലേജ് എന്നീ മേഖലകളിലെ വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കിയ പദ്ധതികളാണ് സ്ട്രീറ്റ്, 'പെപ്പർ', 'മോഡൽ ആർ ടി വില്ലേജ്".** |
| (ഡി) | പിൽഗ്രിം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ഡി) | **തീർത്ഥാടന ടൂറിസം പ്രോത്സാഹി പ്പിക്കുന്നതിനായി വകുപ്പ് 'തത്വമസി' എന്ന പേരിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ശ്രീപത്മനാഭ- ആറന്മുള ആസ് എ സ്പിരിചൽ സർക്യൂട്ട് എന്ന പദ്ധതി പൂർത്തീകരിച്ചു. കേന്ദ്ര സർക്കാരിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ അമ്പലത്തിന്റെ വികസനപ്രവർത്തനങ്ങൾ വകുപ്പ് ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട് . കൂടാതെ ശബരിമല – എരുമേലി – പമ്പ – സന്നിധാനം ആസ് എ സ്പിരിചൽ സർക്യൂട്ട് പദ്ധതിയും ഡെവലപ്മെൻറ് ഓഫ് സ്പിരിചൽ സർക്യൂട്ട് ശിവഗിരി ശ്രീ നാരായണ ഗുരു ആശ്രമം – അരുവിപ്പുറം – കുന്നുംപാറ ശ്രീ സുബ്രമണ്യ – ചെമ്പഴന്തി ശ്രീ നാരായണ ഗുരുകുലം ഇൻ കേരള എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി മലയാറ്റൂർ സെന്റ് തോമസ് ഇന്റർനാഷണൽ ഷ്രൈൻ , ചേരമാൻ ജുമാ മസ്ജിദ് , പെരുമ്പാവൂരിലെ റിലീജിയസ് സെന്ററുകളുടെ വികസനം എന്നീപദ്ധതികൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് .** |
| (ഇ) | കോവിഡിന്റെ ഭീഷണി ഒഴിയുന്ന സാഹചര്യത്തിൽ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ? | (ഇ) | **കോവിഡിന് ശേഷം കേരളത്തിലെ വിനോദസഞ്ചാര മേഖല സജീവമായി വരുകയാണ് . വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആദ്യമൂന്ന് പാദത്തിൽ തന്നെ റെക്കോർഡ് വർധനവിലെത്തി അതുകൊണ്ടു തന്നെ 2022 കേരളത്തിലെ ടൂറിസം** |

മേഖലയ്ക്ക് ഗുണകരമാണെന്നാണ് വിലയിരുത്തൽ . ഇത് മുന്നിൽകണ്ടുകൊണ്ടു തന്നെ നിരവധിയായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് വകുപ്പ് രൂപം നൽകുന്നത്. കേരളത്തെ ഒരു വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ ആക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കുന്ന പ്രത്യേക മാർക്കറ്റിംഗ് കാമ്പയിൻ, ഒരു ടൂറിസം പ്രൊഡക്ട് എന്ന നിലയിൽ കാരവൻ ടൂറിസത്തിന്റെ മെച്ചപ്പെട്ട അവതരണം, സ്വകാര്യ മേഖലയുമായി ചേർന്ന് കേരളത്തിലെ പ്രധാന ടൂറിസം ഡെസ്റ്റിനേഷനുകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഹെലികോപ്റ്റർ സർവ്വീസ്, ബേപ്പൂർ റിവർഫെസ്റ്റ്, ചാലിയാർ റിവർഫെസ്റ്റ് , പരമ്പരാഗത കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്ന "ഉത്സവം" പരിപാടി ഇവയൊക്കെ ഈ വർഷം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ്. കൂടാതെ കോവിഡ് കാരണം മുങ്ങിയ ചാമ്പ്യൻസ് ബോട്ട് ലീഗ് പുന:രാരംഭിച്ചു.

ടൂറിസം വകുപ്പ് നടപ്പാക്കുന്ന താഴെപ്പറയുന്ന പ്രചരണ പരിപാടികളെല്ലാം തന്നെ ഈ മേഖലയുടെ പുനരുജ്ജീവനം മുന്നിൽകണ്ടാണ്.

സോഷ്യൽ മീഡിയ റീ അഷ്വറൻസ് ക്യാമ്പയിൻ

കേരള ഡ്രൈവ് ഹോളിഡെയ്സ്

ലോംഗ് സ്റ്റെയ്സ് ഇൻ കേരള

ഹോംസ്റ്റേ പ്രമോഷൻ

ഹണിമൂൺ ഹോളിഡെയ്സ്

കാരവൻ ടൂറിസം പ്രമോഷൻ

ചെയ്ഞ്ച് ഓഫ് എയർ ക്യാമ്പയിൻ

ഫാം ട്രിപ്പുകൾ

വിവിധ ദേശീയ അന്തർദേശീയ ഫെയറുകളിലെ പ്രാതിനിധ്യം

കൂടാതെ കാരവൻ ടൂറിസം പോലുള്ള പുതിയ പദ്ധതികൾ അവതരിപ്പിച്ചതും ഈ മേഖലയ്ക്ക് ഗുണകരമായിട്ടുണ്ട്. സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ട് . കോവിഡ് മഹാമാരിയുടെ ആഘാതത്തിൽ നിന്നും കേരളാ ടൂറിസം കരകയറിയതിന്റെ സൂചനയാണ്

| | | | |
|---|---|---|---|
| | | | **ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കാണിക്കുന്നത്.** |

സെക്ഷൻ ഓഫീസർ